(സി) കോഴിക്കോട് ജില്ലയിൽ കൊടുവള്ളി സെക്ഷന്റെ കീഴിൽ നടമ്മൽ കടവ് പമ്പ് ഹൗസിൽ കൊല്ലരുകണ്ടിയിൽ വിനോദ്കുമാർ, പടനിലം എന്നയാൾ എത്ര ദിവസം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇദ്ദേഹത്തിന് പ്രതിഫലമായി എന്തു തുക നൽകി എന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രതിഫലം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണവും, കുടിശ്ശിക എന്ന് കൊടുത്ത് തീർക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാലാകാലങ്ങളിൽ നിലവിലുള്ള 'പി. ഡബ്ലിയു. ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സ്' പ്രകാരമാണ് ദിവസക്കൂലിക്കാർക്ക് പ്രതിഫലം നൽകുന്നത്.

(ബി) ദിവസക്കൂലി ജീവനക്കാരെ കരാറടിസ്ഥാനത്തിൽ അംഗീകൃത കരാറുകാരാണ് നിയമിക്കുന്നത്. അതിനാൽ കരാറുകാർ മുഖേനയാണ് ദിവസക്കൂലി വിതരണം ചെയ്യുന്നത്. ചില ഡിവിഷനുകളിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(സി) കൊല്ലരുകണ്ടിയിൽ വിനോദ്കുമാർ, പടനിലം എന്നയാൾ കോഴിക്കോട് ജില്ലയിൽ കൊടുവള്ളി സെക്ഷന്റെ കീഴിൽ നടമ്മൽ കടവ് പമ്പ് ഹൗസിൽ ജോലി ചെയ്തതായി വാട്ടർ അതോറിറ്റിയിൽ രേഖയൊന്നുമില്ല.

(ഡി) & (ഇ) ചോദ്യം ഉദിക്കുന്നില്ല.

ഇടുക്കി ജില്ലയിലെ ശുദ്ധജലവിതരണ പദ്ധതികൾ

*62 [3925] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ലോകബാങ്ക് ധനസഹായത്തോടെയും കേരള വാട്ടർ അതോറിറ്റി നേരിട്ടും എത്ര ശുദ്ധജല വിതരണ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) ഇവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതികൾ ഓരോന്നിനും എന്തു തുക വീതമാണ് നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇവയുടെ ഓരോന്നിന്റേയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും നിർമ്മാണത്തിനായി എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) ഇവ ഓരോന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)—(ഇ) ഇടുക്കി ജില്ലയിൽ ലോകബാങ്ക് ധനസഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴി വെള്ളത്തൂവൽ, മരിയാപുരം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജലനിധി പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിലായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതി 2006 ഡിസംബർ മാസത്തിന് മുമ്പായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇടുക്കി ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നേരിട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കൊച്ചി വാണിജ്യ മേഖലയ്ക്ക് ആവശ്യമായ വെള്ളം

63 [3926] *ശ്രീ. ബി. രാജയകുമാർ:*
പ്രൊഫ. കെ. വി. തോമസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. എം. ഹസ്സൻ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാണിജ്യമേഖലയ്ക്ക് ഇപ്പോൾ ആവശ്യമായ വെള്ളം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും ജലം ലഭ്യമാക്കുവാൻ വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ;

(സി) ഇപ്പോൾ വാട്ടർ അതോറിറ്റി കൊച്ചിയുടെ ആവശ്യത്തിന് എത്ര വെള്ളം നൽകുന്നു എന്ന് അറിയിക്കുമോ;

(ഡി) സ്വതന്ത്ര വാണിജ്യ മേഖലയും വല്ലാർപാടം പദ്ധതിയും വരുമ്പോൾ കൊച്ചിയ്ക്ക് ആവശ്യമായി വരുന്ന വെള്ളം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) കൊച്ചിയിൽ വെള്ളത്തിനുള്ള പ്രസ്തുത ആവശ്യം നിറവേറ്റുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 100 എം. എൽ. ഡി. വെള്ളം നൽകുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly